**റിപ്പോർട്ട് സമർപ്പണം**

(1) ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII -ന്റെ ചെയർപേഴ്സണായ ഞാൻ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2016-17 വർഷത്തെ പീരിയോഡിക്കൽ റിപ്പോർട്ടും സമർപ്പിക്കുന്നു.

(2) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ നാൽപത്തിയൊന്നാമത് റിപ്പോർട്ട്

ശ്രീ. സി. ദിവാകരൻ : സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ കേരള വനം വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളെ സംബന്ധിച്ച സ്വതന്ത്ര പഠന റിപ്പോർട്ട്, സമിതിയുടെ നാൽപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.